**Athmaraksha.org**

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## കർത്താവ് വീണ്ടും പറയുന്നു ; വരുവിൻ, നമുക്ക് രമ്യതപ്പെടാം




അതുകൊണ്ട് എത്രമാത്രം പാപത്തിൽ ജീവിച്ചുവോ അതിലേറെ ശക്തിയിൽ ദൈവത്തിലേക്കു തിരിയുകയാണ് വേണ്ടത്. ഏശയ്യ 59 : 1-3 'രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു. നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽ നിന്നു മറച്ചിരിക്കുന്നു. അതിനാൽ, അവിടുന്ന് നിന്റെ പ്രാർത്ഥന കേൾക്കുന്നില്ല. നിന്റെ കരങ്ങൾ രക്തപങ്കിലമാണ്. വിരലുകൾ അകൃത്യങ്ങളാൽ മലിനമായിരിക്കുന്നു. നിന്റെ അധരം വ്യാജം പറയുന്നു. നാവ് ദുഷ്ടത പിറുപിറുക്കുന്നു'.

എന്നാൽ കർത്താവ് വീണ്ടും അരുളിചെയ്യുന്നു:
ഏശയ്യാ 1: 18-20 'വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്ത വർണമെങ്കിലും കമ്പിളിപോലെ വെളുക്കും. അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും. അനുസരിക്കാതെ ധിക്കാരം തുടർന്നാൽ വാളിനിരയായിത്തീരും. കർത്താവ് അരുളിചെയ്തിരിക്കുന്നു '. എഫേസോസ് 4: 17-18 'നിങ്ങൾ ഇനിയൊരിക്കലും വ്യർത്ഥചിന്തയിൽ കഴിയുന്ന വിജാതീയരെപ്പോലെ ജീവിക്കരുത്. ഹൃദയകാഠിന്യം നിമിത്തം അജ്ഞത ബാധിച്ച അവർ ബുദ്ധിയിൽ അന്ധകാരം നിറഞ്ഞ് ദൈവത്തിന്റെ ജീവനിൽനിന്ന് അകറ്റപ്പെട്ടിരിക്കുന്നു'.

അതുകൊണ്ട്:
എഫേസോസ് 4 :22-24 'നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നു രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയമനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയമനുഷ്യനെ നിങ്ങൾ ധരിക്കുവിൻ'. 2 കോറിന്തോസ് 6 :17 'ആകയാൽ, നിങ്ങൾ അവരെവിട്ട് ഇറങ്ങിവരുകയും അവരിൽനിന്നു വേർപിരിയുകയും ചെയ്യുവിൻ എന്ന് കർത്താവ് അരുളിചെയ്യുന്നു. അശുദ്ധമായതൊന്നും നിങ്ങൾ തൊടുകയുമരുത്. അപ്പോൾ ഞാൻ നിങ്ങളെ സ്വീകരിക്കും'. 2 കോറിന്തോസ് 6 :2 'അവിടുന്ന് അരുളിചെയ്യുന്നു. സ്വീകാര്യമായ സമയത്ത് ഞാൻ നിന്റെ പ്രാർത്ഥന കേട്ടു. രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിക്കുകയും ചെയ്തു. ഇതാ,

ഇപ്പോൾ സ്വീകാര്യമനായ സമയം. ഇതാ, ഇപ്പോൾ രക്ഷയുടെ ദിവസം'.